ഉത്തരം

ബഡ്ജറ്റിൽ വകയിരുത്തുകയും പണിയെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്ത ശേഷമേ ഈ പാലം പണിയുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ പറ്റുകയുള്ളു.

നെയ്യാറിൻകര മിനി സിവിൽസ്റ്റേഷൻ

1065 [1689] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകരയിൽ പണിയാൻ തീരുമാനിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷന്റെ പണി വൈകുന്നതിന്റെ കാരണമെന്ത്;

(ബി) നെയ്യാറിൻകരയിൽ ഓരോ വർഷവും ഗവൺമെന്റ് ആഫീസുകളുടെ വാടക ഇനത്തിൽ എത്ര രൂപ ചെലവാകുന്നു;

(സി) മിനി സിവിൽ സ്റ്റേഷന്റെ പണി ഉടനെ ആരംഭിക്കുവാൻ പ്രയാറിറ്റി ലിസ്റ്റിൽ ചേർത്ത് വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പണത്തിന്റെ അഭാവമാണ് മിനി സിവിൽ സ്റ്റേഷനുകളുടെ പണി വൈകുന്നതിന്റെ പ്രധാന കാരണം.

(ബി) 36,166 രൂപ.

(സി) പണത്തിന്റെ ലഭ്യത അനുസരിച്ച് നടപടി എടുക്കുന്നതാണ്.

പി.ഡബ്ലിയു.ഡി. യുടെ കീഴിലുള്ള ടാറിട്ട റോഡുകൾ

1066 [1690] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ലിയു.ഡി. യുടെ കീഴിൽ എത്ര കിലോമീറ്റർ ടാറിട്ട റോഡുകളുണ്ട്;

(ബി) ടാറിട്ട റോഡുകൾ കോൺക്രീറ്റു റോഡുകളാക്കുന്നത് കൂടുതൽ ആദായകരമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14317 കി.മീ.

(ബി) റോഡുകൾ കോൺക്രീറ്റു ചെയ്യുന്നതിന് പ്രാരംഭ ചെലവുകൾ വളരെ കൂടുതലാണ്. ഇത്തരം ഒരു പദ്ധതി പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly